ശ്രീ. ജി. വരദൻ : சர், தமிழ் பேசக்கூடிய தோட்டம் தொழிலாளர்களான அட்டவணை ஜாதியினருக்கு ஒரு சதமானம் ரிசர்வேஷன்கூட இடைப்பதில்லை. அவர்களுக்கு வேறு எந்த வேலையும் கிடைப்பதில்லை. அதைக்குறித்து நான் அமைச்சர் அவர்களுக்கு ஒரு விண்ணப்பம் தந்தால் அதன்மீது நடவடிக்கை எடுப்பார்களா ?

ശ്രീ. കെ. കരുണാകരൻ : തീർച്ചയായിട്ടും തമിഴ് സംസാരിക്കുന്നതുകൊണ്ട് ഹരിജനങ്ങൾക്ക് ആനുകൂല്യം കിട്ടാതിരിക്കുവാനുള്ള അവസരമുണ്ടാകരുത്. ബഹുമാനപ്പെട്ട മെമ്പർ അതിനെ സംബന്ധിച്ചുള്ള വിവരം അറിയിച്ചാൽ ഗവൺമെൻറ് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. തങ്കപ്പൻ : ഇവിടെ പ്രത്യേക ഗ്രൂപ്പുകളെ സംബന്ധിച്ചാണ് ചോദ്യം. നമ്മുടെ പട്ടികജാതിക്കാരുടെയും പട്ടിക വർഗ്ഗക്കാരുടെയും ഇടയിൽ പറയിപെറ പന്തിരുകുലം എന്ന പന്ത്രണ്ടു കുലമുണ്ടായിരുന്നു. അതിൽ മേഴത്തൂർ അഗ്നിഹോത്രിയും രചകൻ ഉളിയന്നൂർ തച്ചനും വള്ളുവനും ഉണ്ട്. ആ വള്ളുവനും ചാത്തനും പാക്കനാരും പ്രതിനിധാനം ചെയ്യുന്ന, അവരെ വളർത്തിയ സമുദായങ്ങളും കേരളത്തിലുണ്ട്. അവരെ പ്രത്യേകം കണ്ടുപിടിച്ച് ഗ്രൂപ്പായി തിരിച്ച് സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

ശ്രീ. കെ. കരുണാകരൻ : കേരളത്തിൽ ഹരിജനങ്ങളോട് വിവേചനം കാണിച്ചു എന്ന ആക്ഷേപം ഉണ്ടാകരുത്.

തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികൾ

* 102 [104] ശ്രീ. എ. സി. ഷൺമുഖദാസ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികളുടെ അഭാവം വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുവെന്ന കാര്യം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) ഇല്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : പഞ്ചായത്ത് തെരഞ്ഞെടുപ്പ് എന്നു നടത്താനാണ് ഇപ്പോൾ ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ? അതിനുവേണ്ടി എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. സി. എം. സുന്ദരം : പഞ്ചായത്ത് തെരഞ്ഞെടുപ്പ് എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് ചോദിച്ചാൽ, അതിൻറെ നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാകുന്ന സാഹചര്യത്തിൽ നടത്തും എന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇതു സംബന്ധിച്ച് ഇപ്പോൾ ഡിപ്പാർട്ടുമെൻറ് എന്തെങ്കിലും നടപടി ക്രമങ്ങൾ സ്വീകരിക്കുന്നുണ്ടോ ? സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് പറയാമോ ?

ശ്രീ. സി. എം. സുന്ദരം : തെരഞ്ഞെടുപ്പ് നടത്താനുള്ള എല്ലാ നടപടികളും നടന്നുവരുന്നുണ്ട്. 1981-ലെ സെൻസസ് മുതലുള്ള നടപടിക്രമങ്ങൾ എല്ലാം വളരെ കാര്യമായി ഇതിനുമുമ്പും വിശദീകരിച്ചതാണ്. ആവശ്യമാണെങ്കിൽ ഇനിയും വിശദീകരിക്കുവാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി : നിയമപ്രകാരം 1981-ലെ സെൻസസ് ഫിഗേഴ്സ് കിട്ടിക്കഴിഞ്ഞ ശേഷം അതിന്റെ delimitation-ഉം, ഒബ്ജക്ഷൻ ഫയൽ ചെയ്യുന്നതിനും അതിനെപ്പറ്റി ഗവൺമെന്റ് തീരുമാനം എടുക്കുന്നതിനും എത്ര മാസം വേണം? ഇപ്പോഴും വർഷങ്ങളും ഇത്രയായിട്ടും 'നിയമപ്രകാരം' എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?

ശ്രീ. സി. എം. സുന്ദരം : അതിന് നോട്ടീസ് വേണം.

ശ്രീ. ഇ. കെ. നായനാർ : 1985 ജൂലൈ മാസം നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഉടനെ നടത്തിക്കൊള്ളണമെന്നു പറഞ്ഞ് ഒരു കത്തയച്ചിട്ടുണ്ട്. ആ കത്ത് ഇവിടെ കിട്ടിയിട്ടുണ്ടോ? ആ കത്ത് കൃത്യമായിട്ട് ഇവിടെ കിട്ടിയെന്നു ഞങ്ങൾക്കറിയാം. അതിന് മറുപടി അയച്ചോ?

ശ്രീ. സി. എം. സുന്ദരം : ആ കത്ത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നാലു കൊല്ലമായിട്ട് എല്ലാ നിയമസഭകളിലും എന്നു തന്നെ അത് നടത്താൻ സാധിക്കുമെന്ന് ആവർത്തിച്ചാവർത്തിച്ച് ചോദിച്ചപ്പോഴും നടപടികളും നടന്നുവരുന്നുവെന്നാണ് മന്ത്രി എല്ലാ നിയമസഭയിലും മറുപടി പറഞ്ഞത്. നാലു കൊല്ലമായിട്ടും ഇതിന്റെ നടപടികളും പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇനി എത്ര കൊല്ലത്തിനുള്ളിൽ ആ നടപടി പൂർത്തിയാക്കാൻ കഴിയുമെന്നെങ്കിലും പറയാമോ?

ശ്രീ. സി. എം. സുന്ദരം : കഴിഞ്ഞ നാലു കൊല്ലമായിട്ട് നടന്നു വരുന്ന നടപടി ക്രമത്തെപ്പറ്റിയാണ് ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം. ആയിരത്തിയൊന്നു പഞ്ചായത്തുകളിൽ 1981-ലെ സെൻസസ് പ്രകാരം, ഓരോ പഞ്ചായത്തിലും പോപ്പുലേഷൻ അടിസ്ഥാനത്തിൽ വാർഡ് സ്ട്രെങ്ത്ത് നിശ്ചയിക്കുകയും, ഓരോ വീടിനും വീട്ടുനമ്പരിടുകയും പതിനെട്ടു വയസ്സുള്ള ആളുകളുടെ പേർ വോട്ടേഴ്സ് ലിസ്റ്റിൽ ചേർക്കുകയും ചെയ്തു. എന്നിട്ട് അതിൻമേലുള്ള ആക്ഷേപങ്ങളും വാങ്ങി പരിശോധിക്കുകയും ചെയ്തു. നടപടിക്രമങ്ങളും നീണ്ടു പോയി എന്നു പറഞ്ഞതുകൊണ്ട് വളരെ കണിശമായ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടു വരുന്നു എന്നുള്ളതാണ് അതിനെ സംബന്ധിച്ച് പറയുവാനുള്ളത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വാഹനങ്ങൾ പരിശോധിക്കുമ്പോൾ പോലീസ് കൈവശം എടുക്കുന്ന രേഖകൾ

* 103 [105] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാർ വാഹനങ്ങൾ ചെക്ക് ചെയ്യുമ്പോൾ ആർ. സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും മാറും കൈവശം വാങ്ങി വയ്ക്കുന്നതിന് രസീത് നൽകാനുള്ള നടപടി സ്വീകരിക്കാമോ ;

(ബി) കോടതിയിൽ ചാർജ് ചെയ്ത കേസുകളിൽ കുറ്റം സമ്മതിച്ച് പിഴയടച്ച് രസീത് വാങ്ങി സ്റ്റേഷനിൽ വന്നാലും ആർ. സി. ബുക്കും ലൈസൻസും സമയത്ത് കൊടുക്കാതിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly